"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-11-01-2022-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ - കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത്- 'എനേബ്ലിംഗ് കോഴിക്കോട്'-ന്റെ ഭാഗമായി കോടഞ്ചേരി സാമൂഹ്യാരോഗ്യ കേന്ദ്രത്തിൽ സ്ഥാപിച്ച കമ്മ്യൂണിറ്റി ബേസ്ഡ് ഡിസെബിലിറ്റി മാനേജ്മെന്റ് സെന്ററിലേക്ക് വിദഗ്ദ്ധ ജീവനക്കാരെ നിയമിക്കാൻ അനുവാദം നൽകി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

സ.ഉ.(സാധാ) നം.281/2022/LSGD  തീയതി,തിരുവനന്തപുരം, 08-02-2022

---

പരാമർശം:-
1. ഗ്രാമവികസന കമ്മീഷണറുടെ 24.09.2021 ലെ DP4/7417/2021/CRD നമ്പർ കത്ത്
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതിയുടെ 11.01.2022-ലെ തീരുമാനം നം.2.4(8)

**ഉത്തരവ്**

കോഴിക്കോട് ജില്ലാ ഭരണകൂടത്തിന്റേയും വിവിധ വകുപ്പുകളുടേയും തദ്ദേശഭരണ സ്ഥാപനങ്ങളുടേയും പങ്കാളിത്തത്തോടെ ഭിന്നശേഷി ശാക്തീകരണ പദ്ധതിയായ 'എനേബ്ലിംഗ് കോഴിക്കോട്'-ന്റെ ഭാഗമായി കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള കോടഞ്ചേരി സാമൂഹ്യാരോഗ്യ കേന്ദ്രത്തിൽ, കമ്മ്യൂണിറ്റി ബേസ്ഡ് ഡിസബിലിറ്റി മാനേജ്മെന്റ് സെന്ററിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട് . ഭിന്നശേഷിക്കാരുടെ വൈകല്യങ്ങളെ നേരത്തെ കണ്ടെത്തി അവർക്കാവശ്യമായ ചികിത്സയും പുനരധിവാസ സേവനങ്ങളും നൽകുക എന്നതാണ് ഈ സെന്റർ കൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിനായി ഈ സെന്ററിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് കൺസൾട്ടന്റ്, റിഹാബിലിറ്റേഷൻ സെക്കോളജിസ്റ്റ്, സ്പീച്ച് ലാംഗ്വേജ് കൺസൾട്ടന്റ്, പാത്തോളജിസ്റ്റ്, ഫിസിയോ തെറാപ്പിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ എന്നീ വിഭാഗം ആൾക്കാരെ നിയമിക്കണം. ഇതിനായി ഒരു വർഷം 16.00 ലക്ഷം രൂപ വേണം. സബ്സിഡി മാർഗ്ഗരേഖ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്ഥാപിച്ചു പരിപാലിക്കുന്ന സ്പെഷ്യൽ സ്കൂളിലെ (ബഡ്സ്) ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ അധ്യാപകർ, ഹെൽപ്പർമാർ, സ്പെഷ്യലിസ്റ്റുകൾ എന്നിവർക്ക് ഓണറേറിയം നൽകുന്നതിന് മാത്രമേ അനുവാദമുള്ളു. ടി സാഹചര്യത്തിൽ മുകളിൽ പറഞ്ഞ വിദഗ്ധരെ നിയമിക്കാൻ വികസന ഫണ്ടുപയോഗിച്ച് പ്രോജക്ട് തയ്യാറാക്കാൻ അനുമതി നൽകണ ബ്ലോക്ക് പഞ്ചായത്തിന്റെ അപേക്ഷ പരാമർ ശം ( 1 ) പ്രകാരം ഗ്രാമവികസന കമ്മീഷണർ അനുകൂലമായി ശിപാർശ ചെയ്ത് സമർപ്പിക്കുകയുണ്ടായി. ഇക്കാര്യം പരിശോധിച്ച വികേന്ദ്രീകൃതാസൂത്രണ കോഓർഡിനേഷൻ സമിതി ടി ജീവനക്കാരെ ഈ വർഷത്തേക്ക് തനതുഫണ്ടുപയോഗിച്ച് നിയമിക്കാൻ പരാമർശം (2) പ്രകാരം അനുമതി നൽകുകയുണ്ടായി.

2.. മേൽ സൂചിപ്പിച്ച സാഹചര്യത്തിൽ ഭിന്നശേഷി ശാക്തീകരണ പദ്ധതിയായ "എനേബ്ലിംഗ് കോഴിക്കോടിന്റെ" ഭാഗമായി കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തിന് കീഴിലെ കോടഞ്ചേരി സാമൂഹികാരോഗ്യ

കേന്ദ്രത്തിൽ നിർമ്മാണം പൂർത്തിയാക്കിയ കമ്മ്യൂണിറ്റി ബേസ്ഡ് ഡിസെബിലിറ്റി മാനേജ്മെന്റ് സെന്ററിലേക്ക് ചുവടെ പറയുന്ന വിഭാഗം ജീവനക്കാരെ നടപ്പ് വർഷത്തേക്ക് തനതുഫണ്ടുപയോഗിച്ച് നിയമിക്കാൻ അനുമതി നൽകി ഉത്തരവാകുന്നു.

| ക്രമ നമ്പർ | പദവി | പ്രതിമാസ ഹോണറേറിയം | പോസ്റ്റുകളുടെ എണ്ണം |
|---|---|---|---|
| 1 | ക്ലിനിക്കൽ സൈക്കോളജിസ്റ്റ് | Rs.33,000/- | 1 |
| 2 | റിഹാബിലിറ്റേഷൻ സൈക്കോളജിസ്റ്റ് | Rs.30,000/- | 1 |
| 3 | സ്പീച്ച് തെറാപ്പിസ്റ്റ് | Rs.26,400/- | 1 |
| 4 | ഫിസിയോ തെറാപ്പിസ്റ്റ് | Rs.26,400/- | 1 |
| 5 | സ്പെഷ്യൽ എഡ്യുക്കേറ്റർ | Rs.17,250/- | 1 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

പ്രസിഡണ്ട്/സെക്രട്ടറി, കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത്, കോഴിക്കോട്

ജില്ലാ പ്ലാനിംഗ് ഓഫീസർ, കോഴിക്കോട്

ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ത.സ്വ.ഭ.(ഡി.എ) വകുപ്പ്

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by Nisam N
Date: 09-02-2022 11:34:58
സെക്ഷൻ ഓഫീസർ

പകർപ്പ്:
ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു.തദ്ദേശ സ്വയംഭരണം, ഗ്രാമവികസന, എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്